# ആരോഗ്യം മേഖല

## വികസനത്തിന്റെ നാൾ വഴികളിലൂടെ

## കോഴിക്കോട് ജില്ല

ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം,
കോഴിക്കോട്





## ആമുഖം

കോഴിക്കോട് സംസ്ഥാനത്തെ ഏറ്റവും വലിയ നഗരപ്രദേശവും ലോകത്തിലെ 195-ാമത്തെ വലിയ നഗരപ്രദേശവുമാണ്. ക്ലാസിക്കൽ പുരാതന കാലത്തും മധ്യകാലഘട്ടത്തിലും, കിഴക്കൻ സുഗന്ധവ്യഞ്ജനങ്ങളുടെ പ്രധാന വ്യാപാര കേന്ദ്രമെന്ന നിലയിൽ കോഴിക്കോടിനെ "സുഗന്ധവ്യഞ്ജനങ്ങളുടെ നഗരം" എന്ന് വിളിച്ചിരുന്നു. മധ്യകാലഘട്ടത്തിൽ സാമൂതിരികൾ ഭരിച്ചിരുന്ന ഒരു സ്വതന്ത്ര രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു ഇത്, പിന്നീട് ബ്രിട്ടീഷ് ഭരണത്തിന്റെ കീഴിലുള്ള പഴയ മലബാർ ജില്ലയുടെ തലസ്ഥാനവുമായിരുന്നു ഇത്.

നഗരത്തിന്റെ ഔദ്യോഗിക നാമം കോഴിക്കോട് എന്നാണ്, ഇംഗ്ലീഷിൽ ഇത് കാലിക്കറ്റ് എന്ന് അറിയപ്പെടുന്നു. 1498 മെയ് മാസത്തിൽ പോർച്ചുഗലിൽ നിന്നുള്ള ഒരു വ്യാപാര ദൗത്യത്തിന്റെ നേതാക്കളിൽ ഒരാളായ വാസ്കോഡ ഗാമ കാപ്പാട് (18 കിലോമീറ്റർ വടക്ക്) എന്ന സ്ഥലത്ത് തുറമുഖത്ത് എത്തിയപ്പോഴാണ് യൂറോപ്പുമായുള്ള നഗരത്തിന്റെ ആദ്യത്തെ രേഖാമൂലമുള്ള ബന്ധം ഉണ്ടായത്.

2012 ജൂൺ 7 ന്, നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന വിവിധ വാസ്തുവിദ്യാ ശിൽപങ്ങൾ കാരണം കോഴിക്കോടിന് "ശിൽപ നഗരം" (ശിൽപ നഗരം) എന്ന ടാഗ് ലഭിച്ചു. കോഴിക്കോട് ജില്ലയിൽ 2 റവന്യൂ ഡിവിഷനുകൾ, 4 താലൂക്കുകൾ, 12 ബ്ലോക്കുകൾ, 70 പഞ്ചായത്തുകൾ, 118 ഗ്രാമങ്ങൾ എന്നിവ ഉൾപ്പെടുന്നു.

ജില്ലയുടെ ആകെ വിസ്തീർണ്ണം 2344 ചതുരശ്ര കിലോമീറ്ററാണ്, ഇത് സംസ്ഥാനത്തിന്റെ ആകെ വിസ്തൃതിയുടെ ആറ് ശതമാനം വരും. ജില്ലയുടെ ആകെ വിസ്തൃതിയിൽ 2004 ചതുരശ്ര കിലോമീറ്റർ ഗ്രാമപ്രദേശങ്ങളും 340 ചതുരശ്ര കിലോമീറ്റർ നഗരപ്രദേശങ്ങളുമാണ്. 2011 ലെ സെൻസസ് പ്രകാരം ജില്ലയിലെ ആകെ ജനസംഖ്യ 30,86,293 ആണ്. ആകെ പുരുഷ ജനസംഖ്യ 14,70,942 ഉം ആകെ സ്ത്രീ ജനസംഖ്യ 16,15,351 ഉം ആണ്. കോഴിക്കോട് ജില്ലയിൽ മൂന്ന് പാർലമെന്റ് മണ്ഡലങ്ങളും 13 നിയമസഭാ മണ്ഡലങ്ങളും ഉൾപ്പെടുന്നു.

| | |
|---|---|
| വിസ്തീർണ്ണം | **2344 ചതുരശ്ര കിലോമീറ്റർ** |
| ആകെ ജനസംഖ്യ (2011 Census) | **30,86,293** |
| പുരുഷന്മാർ | **1470942** |
| സ്ത്രീകൾ | **1615351** |
| ഗ്രാമപ്രദേശത്തെ ജനസംഖ്യ | **1012721** |
| നഗര പ്രദേശത്തെ ജനസംഖ്യ | **2072572** |
| പട്ടിക വർഗ്ഗ ജനസംഖ്യ | **15228** |
| പട്ടികവർഗ്ഗ ജനസംഖ്യ | **199191** |
| അഞ്ച് വയസിൽ താഴെയുള്ളവരുടെ എണ്ണം | **2,29,975** |
| 60 വയസ്സിന് മുകളിൽ ഉള്ളവർ | **360880** |
| സാക്ഷരത നിരക്ക് Males | **97.42%** |
| സാക്ഷരത നിരക്ക് Females | **92.99%** |
| താലൂക്കുകൾ | **4** |
| ബ്ലോക്ക്പഞ്ചായത്ത് | **12** |
| പഞ്ചായത്തുകൾ | **70** |
| പഞ്ചായത്ത് വാർഡുകൾ | **1335** |
| കോർപ്പറേഷൻ വാർഡുകൾ | **75** |
| മുനിസിപ്പാലിറ്റികൾ | **7** |
| കോർപ്പറേഷൻ | **1** |
| അസംബ്ലി മണ്ഡലം | **13** |
| പാർലമെന്റ് മണ്ഡലം | **3** |
| ഹെൽത്ത് ബ്ലോക്കുകൾ | **16** |




**വികസന പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ**

ജില്ലയിലെ ആരോഗ്യ മേഖലയിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയ വർഷമാണ് 2021 -2025. ആരോഗ്യ കേന്ദ്രങ്ങളിൽ ഒട്ടനവധി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പുതിയ നിയമനങ്ങൾ, നൂതന ആരോഗ്യ പദ്ധതികൾ എന്നിവ ഈ കാലഘട്ടത്തിൽ നടപ്പിൽ വരുത്താൻ സാധിച്ചു. ദേശീയ ആരോഗ്യ ദൗത്യം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പ്ലാൻ ഫണ്ട്, മറ്റ് തനത് ഫണ്ടുകളും ഉപയോഗിച്ച് നിരവധി വികസന പ്രവർത്തനങ്ങൾ സാധ്യമായി.

മാതൃശിശു സംരക്ഷണ മേഖലയിൽ വിപ്ലവകരമായ വികസന നേട്ടങ്ങളാണ് ജില്ലാ ഈ കാലഘട്ടത്തിൽ കൈവരിച്ചിട്ടുള്ളത്. കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ഉറപ്പാക്കുന്നതിനായി മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ മുലപ്പാൽ ബാങ്ക് ആരംഭിച്ചു. കേരളത്തിലെ മൂന്നാമത്തെയും മെഡിക്കൽ കോളേജിലെ ആദ്യത്തെ മുലപ്പാൽ ബാങ്ക് ആണിത്. മറ്റൊരു നൂതന പ്രവർത്തനമാണ് "നിയോക്രാഡിൽ" പരിചരണ സംവിധാനം. ഇതൊരു വെബ് അടിസ്ഥാനത്തിലുള്ള സംവിധാനമാണ്. നവജാത ശിശുക്കളിൽ ഐ സി യു കെയർ ആവശ്യമായ കുഞ്ഞുങ്ങളെ പ്രത്യേകം സജ്ജീകരിച്ച ഐ സി യു ആംബുലൻസിൽ ജില്ലയിലെ തേർഷ്യറി കെയർ ആശുപത്രിയിൽ എത്തിച്ച് മികച്ച പരിചരണം ഉറപ്പാക്കുന്നു. ഗവ: മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ ആരംഭിച്ച മദർ ന്യൂബോൺ കെയർ യൂണിറ്റ് (MNCU)ആണ് മറ്റൊരു നൂതന സംവിധാനം. എൻ ഐ സി യു യിൽ പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങളോടൊപ്പം 24 മണിക്കൂറും കുഞ്ഞുങ്ങളുടെഅമ്മമാരെ കൂടെ നിർത്തുന്ന സംവിധാനമാണിത്. കുഞ്ഞുങ്ങളുടെ പരിചരണത്തിനും മുലയൂട്ടലിനും ഇത് സഹായകമാകുന്നു. ജന്മനാ വൈകല്യമുള്ള കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകുന്നതിനായി ഓരോ ബ്ലോക്ക് പഞ്ചായത്തിലെ സി എച്ച് സികളിൽ ആരംഭിച്ച കമ്മ്യൂണിറ്റി ഡിസിബിലിറ്റി മാനേജ്മെന്റ് സെന്റർ (DCMC) ആണ് മറ്റൊരു ചുവടുവെപ്പ്. ജില്ലയിൽ ആറ് ബ്ലോക്കുകളിൽ സി ഡി എം സി കൾ പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് ആദ്യമായി 96% സ്കോർ നേടി കോഴിക്കോട് ഗവ : മാതൃശിശു സംരക്ഷണ കേന്ദ്രം മുസ്കാൻ അംഗീകാരം കരസ്ഥമാക്കി. സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെ ആശുപത്രിയിലും കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലും ലേബർ റൂമുകൾ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തി.

ആന്റി മൈക്രോബിയൽ പ്രതിരോധത്തെ ചെറുക്കുന്നതിന് സർക്കാർ രൂപീകരിച്ച നയം അനുസരിച്ച് 10 ലക്ഷ്യങ്ങൾ കൈവരിച്ച ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി പ്രഖ്യാപിക്കുന്നു. രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രി ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രമാണ്. ഇത് ജില്ലയെ സംബന്ധിച്ച് വലിയൊരു നേട്ടമാണ്.

വെള്ളപ്പൊക്ക പ്രതിരോധ നടപടിയായി ഉയർന്ന പ്ലിന്ത് ലെവലിൽ നിർമ്മിച്ചതാണ് കക്കോടി കുടുംബാരോഗ്യ കെട്ടിടം. ചെന്നൈയിലെ അപ്പോളോ ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് 3.7 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടമാണിത്. 2021 ഫെബ്രുവരിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് കെട്ടിടം ഉദ്ഘാടനം ചെയ്തത്.

ഈ കാലഘട്ടത്തിൽ 15 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റി. 5 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തി.

കോഴിക്കോട്, മലപ്പുറം, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകൾക്കാവശ്യമായ രോഗപ്രതിരോധ കുത്തിവെപ്പിനുള്ള വാക്സിനുകളും കുടുംബക്ഷേമ മാർഗങ്ങളും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആയി കോഴിക്കോട് മലാപ്പറമ്പിൽ റീജിയണൽ ഫാമിലി വെൽഫെയർ സ്റ്റോറിന് പുതിയ കെട്ടിടം നിർമ്മിച്ചു.

കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ഒ പി ഡി ട്രാൻസ്ഫർമേഷൻ പ്രവർത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളജിലെ ഒ പി ഡി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. താലൂക്ക് ആശുപത്രി ഫറോക്കിൽ ഒഫ്താൽമിക് വാർഡിന്റെയും ഓപ്പറേഷൻ തിയറ്ററിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ജെറിയാട്രിക് വാർഡിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു

## ആരോഗ്യസ്ഥാപനങ്ങൾ

| ആരോഗ്യ സ്ഥാപനങ്ങൾ | എണ്ണം |
|---|---|
| ജനറൽ ആശുപത്രി | 1 |
| ജില്ലാ ആശുപത്രി | 1 (വടകര) |
| സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ | 4 (w & c Hospital, മെന്റൽ ഹോസ്പിറ്റൽ, ഡെർമറ്റോളജി ഹോസ്പിറ്റൽ, ടിബിസി സെന്റർ) |
| താലൂക്ക് ഹെഡ്ക്വാർട്ട്സ് ആശുപത്രി | 1 (കൊയിലാണ്ടി) |
| താലൂക്ക് ആശുപത്രികൾ | 6 (ബാലുശ്ശേരി, താമരശ്ശേരി, നാദാപുരം, കുറ്റ്യാടി, പേരാമ്പ്ര, ഫറോക്ക് ) |
| സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ | 16 (ചെറുവാടി, ചെറുവണ്ണൂർ, മേലടി, കൂരാച്ചുണ്ട്, നരിക്കുനി,<br>ഓർക്കാട്ടേരി, കൊടുവള്ളി, തലക്കുളത്തൂർ, തിരുവള്ളൂർ, ഉള്ളിയേരി,<br>മുക്കം, ഒളവണ്ണ, വളയം, കുന്നുമ്മൽ, തിരുവങ്ങൂർ, കോടഞ്ചേരി) |
| കുടുംബാരോഗ്യ കേന്ദ്രങ്ങൾ | 58 |

| | |
|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ | 6 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ് | 1 |
| ജനകീയാരോഗ്യ കേന്ദ്രങ്ങൾ | 401 |
| ആകെ സ്ഥാപനങ്ങൾ | 498 |

## ആരോഗ്യ മേഖലയിലെ മനുഷ്യ വിഭവശേഷി

| Row Labels | Sum of Sanctioned | Sum of SC | Sum of ST | Sum of OTHERS | Sum of ALL | Sum of Vacancy |
|---|---|---|---|---|---|---|
| **DENTAL** | **6** | **0** | **0** | **6** | **6** | **0** |
| Dental Hygienist Gr. I | 1 | 0 | 0 | 1 | 1 | 0 |
| Dental Hygienist Gr. II | 2 | 0 | 0 | 2 | 2 | 0 |
| Dental Mechanic Gr.II | – | - | - | - | - | - |
| **Doctors (Administrative Cadre)** | **1** | **0** | **0** | **1** | **1** | **0** |
| Asst Director (Dy Dmo(H) | 1 | 0 | 0 | 1 | 1 | 0 |
| Asst Director (Dy Dmo(H)DLO degraded to JAMO | 1 | 0 | 0 | 1 | 1 | 0 |
| Asst. Director (Dy.Dmo(H)DRCH) | 1 | 0 | 0 | 0 | 0 | 1 |
| Asst. Director (Dy.Supdt.) | 3 | 0 | 0 | 3 | 3 | 0 |
| Asst. Director (Supdt.) | 12 | 0 | 0 | 12 | 12 | 0 |
| Deputy Director (Supdt) | 5 | 0 | 0 | 5 | 5 | 0 |
| JAMO (DTBO) | 1 | 0 | 0 | 1 | 1 | 0 |
| JAMO(Supdt) | 2 | 0 | 0 | 2 | 2 | 0 |
| **Doctors (General Cadre)** | | | | | | |
| Assistant Surgeon | 35 | 6 | 0 | 27 | 33 | 2 |

| | | | | | | |
|---|---|---|---|---|---|---|
| Assistant Surgeon (Casualty Medical Officer) | 45 | 4 | 0 | 39 | 40 | 4 |
| Assistant Surgeon (R M O) | 4 | 0 | 0 | 4 | 4 | 0 |
| Civil Surgeon | 1 | 0 | 0 | 1 | 1 | 0 |
| Dental Assistant Surgeon | 7 | 2 | 0 | 5 | 7 | 0 |
| **Doctors (Speciality)** | | | | | | |
| Chief Consultant | 2 | 0 | 0 | 2 | 2 | 0 |
| Consultant | 52 | 6 | 0 | 44 | 50 | 2 |
| Jr. Consultant | 92 | 4 | 0 | 80 | 84 | 8 |
| Sr. Consultant | 4 | 0 | 0 | 3 | 3 | 1 |
| **JPHN/NURSING SCHOOL** | | | | | | |
| Nursing Tutor | 11 | 0 | 0 | 7 | 7 | 4 |
| Principal School Of Nursing | 1 | 0 | 0 | 0 | 0 | 1 |
| Vice Principal (School of Ng.) | 1 | 0 | 0 | 1 | 1 | 0 |
| **LAB (GENERAL) Senior** Lab Technician | **19** | **0** | **0** | **18** | **18** | **1** |
| District Lab Technician | 1 | 0 | 0 | 0 | 0 | 1 |
| Laboratory Technician Gr. I | 38 | 11 | 2 | 25 | 38 | 0 |
| Laboratory Technician Gr. II | 38 | 0 | 0 | 38 | 38 | 0 |
| **LEPROSY** | | | | | | |
| Assistant Leprosy Officer | 1 | 0 | 0 | 0 | | 1 |
| Non Medical Supervisor Gr. I | 3 | 0 | 0 | 2 | 2 | 1 |
| Non Medical Supervisor Gr. II | - | - | - | - | - | - |

| | | | | | | |
|---|---|---|---|---|---|---|
| **MCH WING** | | | | | | |
| District Public Health Nurse | 2 | 0 | 0 | 0 | 0 | 2 |
| | | | | | | |
| Junior P.H. Nurse Gr. I | 208 | 19 | 1 | 185 | 205 | 3 |
| Junior P.H. Nurse Gr. II | 209 | 28 | 2 | 129 | 159 | 50 |
| Lady Health Inspector / PHN | 73 | 4 | 1 | 64 | 69 | 4 |
| Lady Health Supervisor / PHNS | 12 | 0 | 0 | 3 | 3 | 9 |
| M.C.H. Officer | | | | | | |
| **NURSING SERVICE** | | | | | | |
| Asst Director Nursing Services/Dist. Nursing Officer | 1 | 0 | 0 | 0 | 0 | 1 |
| Head Nurse/Senior Nursing Officer | 119 | 18 | 0 | 99 | 117 | 2 |
| Nursing Supdt. Gr. I/Nursing Supdt | 10 | 0 | 0 | 10 | 10 | 0 |
| Nursing Supdt. Gr. II/Deputy Nursing Supdt | 10 | 0 | 0 | 10 | 10 | 0 |
| Staff Nurse Gr. I/Nursing officer Gr I | 284 | 21 | 4 | 257 | 282 | 2 |
| Staff Nurse Gr. II/Nursing Officer | 284 | 18 | 11 | 238 | 267 | 17 |
| **OPHTHALMOLOGY** | | | | | | |
| District Ophthalmic co-ordinator | 1 | 0 | 0 | 1 | 1 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Optometrist Gr.I (Opthalmic Asst.) | | | | | | |
| Optometrist Gr.II (Opthalmic Asst.) | 20 | 2 | 2 | 16 | 20 | 0 |
| Optometrist Sr. Grade | 1 | 0 | 0 | 1 | 1 | 0 |
| **OTHERS** | | | | | | |
| Administrative Assistant | 1 | 0 | 0 | 1 | 1 | 0 |
| Electrician | 2 | 0 | 0 | 2 | 2 | 0 |
| Biologist | 1 | 0 | 0 | 1 | 1 | 0 |
| Blood Bank Technician Gr. I | 1 | 0 | 0 | 1 | 1 | 0 |
| Blood Bank Technician Gr. II | 3 | 0 | 0 | 3 | 3 | 0 |
| Clerk / Typist | 11 | 1 | 1 | 8 | 10 | 1 |
| Confidential Assistant | 2 | 0 | 0 | 2 | 2 | 0 |
| Cook Gr. II | 11 | 1 | 0 | 4 | 5 | 6 |
| Dialysis Technician | 7 | 0 | 0 | 2 | 2 | 5 |
| Dist. Edn. & Media Officer (DEMO) | 1 | 0 | 0 | 1 | 1 | 0 |
| District Malaria Officer | 1 | 0 | 0 | 0 | 0 | 1 |
| Driver | 16 | 2 | 0 | 12 | 14 | 2 |
| Dy. District. Education and Media Officer | 1 | 0 | 0 | 1 | 1 | 0 |
| Junior Health Inspector Gr. II | 139 | 23 | 3 | 101 | 127 | 12 |
| Medical Record Librarian Gr. II | 3 | 1 | 0 | 2 | 3 | 0 |
| Technical Assistant Gr. I | 1 | 0 | 0 | 0 | 0 | 1 |

| | | | | | | |
|---|---|---|---|---|---|---|
| Technical Assistant Gr. II | 2 | 0 | 0 | 2 | 2 | 0 |
| **TB** | | | | | | |
| Treatment Organizer Gr. I | 7 | 2 | 0 | 4 | 6 | 1 |
| Treatment Organizer Gr. II | - | - | - | - | - | - |
| ECG Technician Gr. II | 4 | 0 | 0 | 4 | 4 | 0 |
| Head Clerk | 9 | 0 | 0 | 9 | 9 | 0 |
| Hospital Attendant Gr. I | 82 | 12 | 3 | 29 | 44 | 38 |
| Hospital Attendant Gr. II | 258 | 25 | 5 | 187 | 217 | 41 |
| Housekeeper | 3 | 0 | 0 | 2 | 2 | 1 |
| Jr. Superintendent | 9 | 1 | 0 | 8 | 9 | 0 |
| Junior Lab Assistant | 7 | 0 | 0 | 6 | 6 | 1 |
| Lab Attender | 1 | 1 | 0 | 0 | 1 | 0 |
| Lay Secretary & Treasurer (Sr. Supdt.) | 7 | 0 | 0 | 6 | 6 | 1 |
| LD / UD Clerk | 168 | 31 | 5 | 130 | 166 | 2 |
| LD / UD Typist | 14 | 0 | 0 | 12 | 12 | 2 |
| Mechanic helper -Abolished | - | - | - | - | - | - |
| Medical Record Attendant | 1 | 0 | 0 | 1 | 1 | 0 |
| Motor Mechanic | 2 | 0 | 0 | 2 | 2 | 0 |
| Nursing Assistant | 328 | 77 | 8 | 234 | 319 | 9 |
| Office Attendent | 108 | 19 | 1 | 83 | 103 | 5 |
| Part Time Sweeper | 119 | 1 | 2 | 84 | 96 | 23 |
| Physiotherapist | 1 | 0 | 0 | 1 | 1 | 0 |
| Radiographer Gr. II | 10 | 0 | 0 | 10 | 10 | 0 |

| | | | | | | |
|---|---|---|---|---|---|---|
| Refrigeration Mechanic - UIP&HER | 2 | 0 | 0 | 1 | 1 | 1 |
| Selection Grade Typist | | | | | | |
| Senior grade Typist | 4 | 0 | 0 | 3 | 3 | 1 |
| Senior Superintendent | 2 | 0 | 0 | 2 | 2 | 0 |
| Statistical Assistant | 3 | 0 | 0 | 3 | 3 | 0 |
| Statistical Assistant Gr. I | 1 | 1 | 0 | 0 | 1 | 0 |
| Watcher / Night watchman | 4 | 0 | 0 | 4 | 4 | 0 |
| X-Ray Attender | 10 | 3 | 0 | 5 | 8 | 2 |
| X-Ray Technician | 2 | 0 | 0 | 1 | 1 | 1 |
| **PHARMACY & MEDICAL SUPPLY** | | | | | | |
| Pharmacist Gr. I | 66 | 0 | 0 | 62 | 62 | 4 |
| Pharmacist Gr. II | 65 | 2 | 0 | 62 | 64 | 1 |
| Pharmacist Storekeeper | 10 | 2 | 0 | 8 | 10 | 0 |
| Stores Superintendent (Hospital) | 3 | 0 | 0 | 3 | 3 | 0 |
| Stores Verification Officer(District) | 1 | 0 | 0 | 1 | 1 | 0 |
| **PUBLIC HEALTH** | | | | | | |
| Field Assistant | 13 | 0 | 0 | 13 | 13 | 0 |
| Field Worker | 39 | 3 | 0 | 20 | 23 | 16 |
| Health Inspector | 72 | 17 | 1 | 52 | 70 | 2 |
| Health Supervisor | 15 | 0 | 0 | 12 | 12 | 3 |
| Insect Collector | 2 | 0 | 0 | 2 | 2 | 0 |
| Junior Health Inspector Gr. I | 138 | 20 | 0 | 116 | 136 | 2 |

| | | | | | | |
|---|---|---|---|---|---|---|
| **TRANSPORT** | | | | | | |
| Foreman Mechanic | | | | | | |
| Van cleaner | 1 | 0 | 0 | 0 | 0 | 1 |
| **Grand Total** | | | | | | |

## നൂതന ആരോഗ്യ പ്രവർത്തനങ്ങൾ

## ജില്ലയുടെ നൂതന പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

ജില്ലയിലെ ആരോഗ്യ മേഖലയിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കിയ വർഷമാണ് 2021 -2025. ആരോഗ്യ കേന്ദ്രങ്ങളിൽ ഒട്ടനവധി അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പുതിയ നിയമനങ്ങൾ, നൂതന ആരോഗ്യ പദ്ധതികൾ എന്നിവ ഈ കാലഘട്ടത്തിൽ നടപ്പിൽ വരുത്താൻ സാധിച്ചു. ദേശീയ ആരോഗ്യ ദൗത്യം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, പ്ലാൻ ഫണ്ട്, മറ്റ് തനത് ഫണ്ടുകളും ഉപയോഗിച്ച് നിരവധി വികസന പ്രവർത്തനങ്ങൾ സാധ്യമായി.

**കോംപ്രിഹെൻസീവ് ലാക്ടേഷൻ മാനേജ്മെന്റ് സെന്റർ**






മാതൃശിശു സംരക്ഷണ മേഖലയിൽ വിപ്ലവകരമായ വികസന നേട്ടങ്ങളാണ് ജില്ലാ ഈ കാലഘട്ടത്തിൽ കൈവരിച്ചിട്ടുള്ളത്. അമ്മയുടെ മുലപ്പാൽ ലഭ്യമാകാത്ത ശിശുക്കൾക്ക് പ്രത്യേകിച്ച് ത്രീവ്ര പരിചരണം ആവശ്യമാകുന്ന തൂക്കകുറവുള്ള ശിശുക്കൾക്ക് മുലപ്പാൽ ലഭ്യമാകുക എന്നതാണ് ലക്ഷ്യം . കോഴിക്കോട് മെഡിക്കൽ കോളേജിലാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത് കുഞ്ഞുങ്ങൾക്ക് മുലപ്പാൽ ഉറപ്പാക്കുന്നതിനായി ഗവ: മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ മുലപ്പാൽ ബാങ്ക് ആരംഭിച്ചു. കേരളത്തിലെ മൂന്നാമത്തെയും മെഡിക്കൽ കോളേജിലെ ആദ്യത്തെ മുലപ്പാൽ ബാങ്ക് ആണിത്. -

## നിയോക്രാഡിൽ




ജില്ലാ ഭരണകൂടവും ആരോഗ്യ വകുപ്പും ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ്, നാഷണൽ നിയോനേറ്റൽ ഫോറത്തിന്റെയും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി. നവജാത ശിശുക്കളിൽ ഐ സി യു കെയർ ആവശ്യമായ കുഞ്ഞുങ്ങളെ പ്രത്യേകം സജ്ജീകരിച്ച ഐ സി യു ആംബുലൻസിൽ ജില്ലയിലെ തേർഷ്യറി കെയർ ആശുപത്രിയിൽ എത്തിച്ച് മികച്ച പരിചരണം ഉറപ്പാക്കുകയാണ് പ്രധാന ലക്ഷ്യം. പദ്ധതിക്കായി ജില്ലാ ഭരണ കൂടത്തിന്റെ നേതൃത്വത്തിൽ പ്രത്യേകം വെബ്സൈറ്റ് തയാറാക്കിയിട്ടുണ്ട്. ഇതുവരെ 176 നവജാത ശിശുക്കൾക്ക് ഈ പദ്ധതിയുടെ സേവനം പ്രയോജനപ്പെട്ടു.

## മദർ ന്യൂബോൺ കെയർ യൂണിറ്റ് (MNCU)






ഗവ: മാതൃശിശു സംരക്ഷണകേന്ദ്രത്തിൽ ആരംഭിച്ച മദർ ന്യൂബോൺ കെയർ യൂണിറ്റ് (MNCU)ആണ് മറ്റൊരു നൂതന സംവിധാനം. എൻ ഐ സി യു യിൽ പ്രവേശിക്കപ്പെട്ട കുഞ്ഞുങ്ങളോടൊപ്പം 24 മണിക്കൂറും കുഞ്ഞുങ്ങളുടെഅമ്മമാരെ കൂടെ നിർത്തുന്ന സംവിധാനമാണിത്. കുഞ്ഞുങ്ങളുടെ പരിചരണത്തിനും മുലയൂട്ടലിനും ഇത് സഹായകമാകുന്നു.

## കമ്മ്യൂണിറ്റി ബേസ്ഡ് ഡിസബിലിറ്റി മാനേജ്മെന്റ് സെന്റർ (CDMC)



ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാരുടെ ഉന്നമനം ലക്ഷ്യം വച്ച് നടപ്പിലാക്കുന്ന പദ്ധതി. വൈകല്യങ്ങളെ നേരത്തെ കണ്ടെത്തുന്നതിനും ആവശ്യമായ ചികിൽസ പുനരധിവാസ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതി. നിലവിൽ 6 ബ്ലോക്ക് പഞ്ചായത്തുകളിൽ CDMC കൾ പ്രവർത്തിക്കുന്നു.

### അംഗീകാരങ്ങൾ







സംസ്ഥാനത്ത് ആദ്യമായി 96% സ്കോർ നേടി കോഴിക്കോട് ഗവ : മാതൃശിശു സംരക്ഷണ കേന്ദ്രം മുസ്ക്കാൻ അംഗീകാരം കരസ്ഥമാക്കി. സർക്കാർ സ്ത്രീകളുടെയും കുട്ടികളുടെ ആശുപത്രിയിലും കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലും ലേബർ റൂമുകൾ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തി.

## ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രി





ആന്റി മൈക്രോബിയൽ പ്രതിരോധത്തെ ചെറുക്കുന്നതിന് സർക്കാർ രൂപീകരിച്ച നയം അനുസരിച്ച് 10 ലക്ഷ്യങ്ങൾ കൈവരിച്ച ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി പ്രഖ്യാപിക്കുന്നു. രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രി ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രമാണ്. ഇത് ജില്ലയെ സംബന്ധിച്ച് വലിയൊരു നേട്ടമാണ്.

## കക്കോടി കുടുംബാരോഗ്യ കെട്ടിടം




വെള്ളപ്പൊക്ക പ്രതിരോധ നടപടിയായി ഉയർന്ന പ്ലിന്ത് ലെവലിൽ നിർമ്മിച്ചതാണ് കക്കോടി കുടുംബാരോഗ്യ കെട്ടിടം. ചെന്നൈയിലെ അപ്പോളോ ഗ്രൂപ്പ് ഓഫ് ഹോസ്പിറ്റൽസ് 3.7 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടമാണിത്. 2021 ഫെബ്രുവരിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ് കെട്ടിടം ഉദ്ഘാടനം ചെയ്തത്.

ഈ കാലഘട്ടത്തിൽ 15 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റി. 5 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി ഉയർത്തി.

## റീജിണൽ ഫാമിലി വെൽഫെയർ സ്റ്റോർ



കോഴിക്കോട് മലപ്പുറം കണ്ണൂർ വയനാട് കാസർകോട് ജില്ലകൾക്കാവശ്യമായ രോഗപ്രതിരോധ കുത്തിവെപ്പിനുള്ള വാക്സിനുകളും കുടുംബക്ഷേമ മാർഗങ്ങളും സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആയി കോഴിക്കോട് മലാപ്പറമ്പിൽ റീജിണൽ ഫാമിലി വെൽഫെയർ സ്റ്റോറിന് പുതിയ കെട്ടിടം നിർമ്മിച്ചു.

കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ഒ പി ഡി ട്രാൻഫർമേഷൻ പ്രവർത്തി പൂർത്തീകരിച്ച് ഉദ്ഘാടനം നിർവഹിച്ചു. കൂടാതെ കോഴിക്കോട് മെഡിക്കൽ കോളജിലെ ഒ പി ഡി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. താലൂക്ക് ആശുപത്രി ഫറോക്കിൽ ഒഫ്താൽമിക് വാർഡിന്റെയും ഓപ്പറേഷൻ തിയറ്ററിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ജെറിയാട്രിക് വാർഡിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു

### നേട്ടങ്ങൾ

## ക്വാളിറ്റി അഷ്വറൻസ് പ്രോഗ്രാമുകൾ

സർക്കാർ ആശുപത്രികളിലെ ഗുണനിലവാരം, വൃത്തി, പരിസരശുചിത്വം, ഭൗതിക സാഹചര്യങ്ങൾ, രോഗീപരിചരണം, ബോധവൽക്കരണം, അണുബാധ നിയന്ത്രണം, മാലിന്യ സംസ്കരണം എന്നിവ മുൻകൂട്ടി നിശ്ചയിച്ച സ്റ്റാൻഡേർഡുകൾ പ്രകാരം ആശുപ്രതികളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ക്വാളിറ്റി സ്റ്റാൻഡേർഡ്. ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ക്വാളിറ്റി അഷുറൻസ് NQAS, KASH, LAQSHYA, KAYAKALP എന്നിവയാണ്.

**എൻ ക്യു എ എസ് (NQAS (National Quality Assurance Standards) നേടിയ ആരോഗ്യ സ്ഥാപനങ്ങൾ**

- ഡബ്ല്യൂ & സി കോഴിക്കോട്
- ടി.എച്ച്. താമരശ്ശേരി
- സി.എച്ച്.സി. തലക്കുളത്തൂർ
- എഫ്.എച്ച്.സി. രാമനാട്ടുകര
- എഫ്.എച്ച്.സി. എടച്ചേരി
- യു.പി.എച്ച്.സി. കല്ലുനിര
- എഫ്.എച്ച്.സി. പനങ്ങാട്

- എഫ്.എച്ച്.സി. മേപ്പയൂർ
- യു.പി.എച്ച്.സി. കിണാശ്ശേരി
- എഫ്.എച്ച്.സി. പുറമേരി
- എഫ്.എച്ച്.സി. മൂടാടി
- യു.പി.എച്ച്.സി. പയ്യാനക്കൽ
- എഫ്.എച്ച്.സി. ഇരിങ്ങൽ
- എഫ്.എച്ച്.സി. തിരുവമ്പാടി
- എഫ്.എച്ച്.സി. കക്കോടി

## ജില്ലയിൽ ലക്ഷ്യ (LAQSHYA) അംഗീകാരം ലഭിച്ച ആരോഗ്യസ്ഥാപനങ്ങൾ



- ഡബ്ല്യൂ & സി കോഴിക്കോട്
- ജി.ജി.എച്ച്. കോഴിക്കോട്
- ഐ.എം.സി.എച്ച് ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്

**ജില്ലയിൽ കായകല്പ അവാർഡ് ലഭിച്ച സ്ഥാപനങ്ങൾ**

- ഡബ്ല്യൂ & സി കോഴിക്കോട്
- ജി.ജി.എച്ച്. കോഴിക്കോട്
- ടി.എച്ച്. താമരശ്ശേരി
- ടി എച്ച് കുറ്റ്യാടി
- ടി എച്ച് ക്യു എച്ച് കൊയിലാണ്ടി
- ടി എച്ച് നാദാപുരം

- സി എച്ച് സി തലക്കുളത്തൂർ
- സി എച്ച് സി ഒളവണ്ണ
- യു പി എച്ച് സി കല്ലുനിര
- സി എച്ച് സി വളയം
- എഫ് എച്ച് സി മൂടാടി
- എഫ് എച്ച് സി പനങ്ങാട്
- എഫ് എച്ച് സി രാമനാട്ടുകര
- എഫ് എച്ച് സി പുറമേരി
- എഫ് എച്ച് സി മേപ്പയൂർ
- എഫ് എച്ച് സി നരിപ്പറ്റ
- എഫ് എച്ച് സി ചെക്കിയാട്
- എഫ് എച്ച് സി കക്കോടി
- എഫ് എച്ച് സി പെരുവണ്ണാമൂഴി

**ജില്ലയിലെ അമ്മയും കുഞ്ഞും സൗഹൃദസ്ഥാപനങ്ങൾ**

- ഡബ്ല്യൂ & സി കോഴിക്കോട്
- ജി.ജി.എച്ച്. കോഴിക്കോട്
- ഐ.എം.സി.എച്ച് ഗവ. മെഡിക്കൽ കോളേജ്, കോഴിക്കോട്

**<u>പ്രധാന പരിപാടികലും കണക്കുകളും</u>**

1. കൗമാര ആരോഗ്യപരിപാടി (രാഷ്ട്രീയ കിശോരി ശക്തി കാര്യകം)

10 മുതൽ 19 വയസുവരെയുള്ള കൗമാരക്കാരുടെ ശാരിരികവും മാനസികവും സാമൂഹികവുമായ ഉന്നതി ലക്ഷ്യം വച്ചുകൊണ്ട് രാജ്യത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ആർ.കെ.എസ്.കെ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും ആഴ്ച്ചയിൽ ഒരു ദിവസം (എല്ലാ ശനിയാഴ്ച്ചകളിലും) കൗൺസലിംഗ് സേവനം നൽകുന്നു. കൂടാതെ ഗവ.ജനറൽ ആശുപത്രി, താലൂക്ക് ആശുപത്രി താമരശ്ശേരി, സി.എച്ച്.സി ചെറുവണ്ണൂർ, സി.എച്ച്.സി തലക്കുളത്തൂർ, സി.എച്ച്.സി വളയം എന്നിവിടങ്ങളിൽ മുഴുവൻ സമയവും കൗൺസലിംഗ് സേവനം ലഭ്യമാണ്. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ വിവിധ ആരോഗ്യ ബ്ലോക്കുകളിൽ നിന്നും തിരഞ്ഞെടുത്ത് പരിശീലനം നല്കിയ കുട്ടിഡോക്ടർമാർ (പിയർ എജ്യുക്കേറ്റേർസ്) ഉണ്ട്.

ആർ.കെ.എസ്.കെ യുടെ ഭാഗമായി പ്രവർത്തിക്കുന്ന കൗമാര ആരോഗ്യസൗഹൃദകേന്ദ്രങ്ങളിൽ കൗൺസലറുടെ സേവനത്തോടൊപ്പം ഡോക്ടറുടെ സേവനവും ലഭ്യമാണ്.

**2.ജില്ലാതല പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (DEIC- District Early Intervention Centre)-**
കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിലെ വാർഡ് നമ്പർ 2 ൽ പ്രവർത്തിക്കുന്ന ഡി ഇ ഐ സി കുട്ടികളിലെ ജന്മനാ ഉള്ള വൈകല്യങ്ങളും വളർച്ചയിലും വികാസത്തിലും ഉള്ള കാലതാമസവും നേരത്തെയുള്ള ഇടപെടലും തെറാപ്പി സെക്ഷനുകളും നൽകുന്നത് വഴി പരിഹരിക്കുകയും ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. 2015 ജനുവരി ആരംഭിച്ച ഡിഇഐസി കോഴിക്കോട് ജില്ലയിൽ മാത്രം ഇതുവരെ 15994 കുട്ടികൾക്കാണ് ആശ്വാസമേകിയത്

| Year | No.of Beneficiaries | |
|---|---|---|
| | CDMC | DEIC |
| 2021-2022 | 815 | 98 |
| 2022-2023 | 2117 | 1171 |
| 2023-2024 | 1761 | 1099 |
| 2024-2025 | 2085 | 950 |

**3.ആർ ബി എസ് കെ പദ്ധതി**
Survival to Healthy Survival" എന്ന ലക്ഷ്യത്തോടെ രാജ്യത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ ബി എസ് കെ). പദ്ധതി മുഖാന്തിരം 18 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും നാലു വിഭാഗങ്ങളായി 4 DS (ബാല്യകാല ന്യൂനതകൾ, ബാല്യകാല അസുഖങ്ങൾ, ജന്മവൈകല്യങ്ങൾ, വളർച്ചയിലെ കാലതാമസം മൂലമുണ്ടാകുന്ന വൈകല്യങ്ങൾ) എന്നിവ നേരത്തെ കണ്ടെത്തി ഗവ ആശുപത്രികളിലൂടെയും തെരഞ്ഞെടുക്കപ്പെട്ട പ്രൈവറ്റ് ആശുപത്രികളിലൂടെയും സൗജന്യമായി ചികിത്സ നൽകി വരുന്നു. പ്രസവ സമയം മുതൽ 6 വയസ്സുവരെയുള്ള കുട്ടികളിൽ പരിശീലനം ലഭിച്ച ആർ ബി എസ് കെ നഴ്സുമാർ പരിശോധന നടത്തി അസുഖങ്ങൾക്ക് ആവശ്യമായ തുടർ ചികിത്സ ഉറപ്പാക്കുന്നു.

**4. ശലഭം സമഗ്ര നവജാതശിശു സ്ക്രീനിംഗ്**
കേരളത്തിലെ പൊതുമേഖലാ ഡെലിവറി പോയിന്റുകളിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും നൽകുന്ന ആരോഗ്യ പരിശോധനാ സേവനമാണ് ശലഭം സമഗ്ര നവജാതശിശു സ്ക്രീനിംഗ്. നവജാത ശിശുക്കളിൽ എന്തെങ്കിലും വൈകല്യങ്ങൾ /ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് നേരത്തെ തന്നെ തിരിച്ചറിയുന്നതിനും ഉചിതമായ ചികിത്സ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കുന്നു.

**Shalabham Comprehensive Newborn Screening: 2021 - 22**

| Total Delivery | Status of comprehensive Newborn Screening | | | | | Total Positives for Screening | Total Positives Confirmed | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | Screened for VBD | Screened for PO | Screened for PE | Screened for OAE | Screened for IEM | | VBD | PO | PE | OAE | IEM |
| 14685 | 14684 | 14548 | 14385 | 14452 | 14718 | 18 | 330 | 3 | 0 | 4 | 7 |

**Shalabham Comprehensive Newborn Screening: 2022 – 23**

| Total Delivery | Status of comprehensive Newborn Screening | | | | | Total Positives for Screening | Total Positives Confirmed | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | Screened for VBD | Screened for PO | Screened for PE | Screened for OAE | Screened for IEM | | VBD | PO | PE | OAE | IEM |
| 15556 | 15568 | 15568 | 15568 | 15568 | 15568 | | 302 | 16 | 19 | 45 | 7 |

**Shalabham -2023-2024**

| Total Delivery | Newborn Screening | | | | | Total Positives Confirmed | | | | |
|---|---|---|---|---|---|---|---|---|---|---|
| | VBD | PO | PE | OAE | IEM | VBD | PO | PE | OAE | IEM |
| 13546 | 14597 | 14597 | 14597 | 14597 | 14597 | 311 | 14 | 13 | 31 | 8 |

**Shalabham** - 2024-2025

| Comprehensive Newborn Screening | Cumulative |
|---|---|
| Number of delivery points in the district | 8 |
| Number of live birth in the facility | 11312 |
| Out born babies came for screening | 775 |
| Babies screened for Defects at Birth | 11502 |
| Visible Birth Defect (VBD +ve) | 411 |
| No: of babies screened for Pulse oximetry | 11314 |
| Pulse oximetry Failed | 50 |
| Focused Physical Examination | 11502 |
| positive in focused physical Examination | 165 |
| No: of babies screened for OAE | 11343 |
| OAE failed / refer | 1233 |
| No: of babies screened forIEM | 11497 |
| IEM failed | 22 |

**5.ഹൃദ്യം:**

കുട്ടികളിൽ കണ്ടുവരുന്ന ഹൃദ്രോഗം പരിഹരിക്കുന്നതിനായി കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയ്ക്കായി പ്രത്യേകം തയ്യാറാക്കിയ വെബ്സൈറ്റ് ഉണ്ട്. ഈ വെബ് സൈറ്റിൽ കുട്ടികളുടെ ഹൃദ്രോഗകേസുകൾ പൊതുജനങ്ങൾക്കു നേരിട്ടും രജിസ്റ്റർ ചെയ്യാം. ഈ വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുന്ന കേസുകൾ സമയ ബന്ധിതമായി പരിഹരിക്കുന്നു

**6. അനുയാത്ര എം.ഐ.യു (മൊബൈൽ ഇൻറർവെൻഷൻ യൂണിറ്റ്:**

ജില്ലാ ഏർളി ഇൻറർവെൻഷൻ സെൻററിൻറെ സേവനം വീട്ടുപടിക്കൽ എത്തിക്കുക എന്ന ലക്ഷ്യത്തോടു കൂടി സാമുഹിക സുരക്ഷ മിഷൻറെയും ദേശീയ ആരോഗ്യ ദൗത്യത്തിൻറെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് അനുയാത്ര. ഈ പദ്ധതിയിൽ സൈക്കോളജിസ്റ്റ്, ഫിസിയോതൊറാപ്പിസ്റ്റ്, സ്പെഷൽ എജുക്കേറ്റർ, ഡെവലപ്മെൻറൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാകുന്നു. ജില്ലയിൽ സാമൂഹ്യ

ആരോഗ്യ കേന്ദ്രം തലക്കുളത്തൂർ, ഫാമിലി ഹെൽത്ത് സെന്റർ ചാലിയം, സാമൂഹ്യ കേന്ദ്രം, മേലടി , താലൂക്ക് ആശുപത്രി താമരശ്ശേരി, താലൂക്ക് ആശുപത്രി , പേരാമ്പ്ര , സാമൂഹ്യ ആരോഗ്യകേന്ദ്രം തിരുവള്ളൂർ , സാമൂഹ്യ ആരോഗ്യകേന്ദ്രം തിരുവങ്ങൂർ , ഫാമിലി ഹെൽത്ത് സെന്റർ പെരുമണ്ണ , കുടുംബാരോഗ്യകേന്ദ്രം കുന്ദമംഗലം, താലൂക്ക് ആശുപത്രി ബാലുശ്ശേരി, സാമൂഹ്യ ആരോഗ്യകേന്ദ്രം വളയം, താലൂക്ക് ആശുപത്രി ഫറോക്ക് എന്നിവിടങ്ങളിൽ അനുയാത്രയുടെ സേവനം ലഭ്യമാകുന്നു.

**7. ക്ലബ് ഫൂട്ട് ക്ലിനിക്ക്:**
കുഞ്ഞ് ജനിക്കുമ്പോൾ തന്നെ ഒരു പാദമോ ഇരു പാദങ്ങളോ കാൽ കുഴയിൽ നിന്ന് അകത്തേക്ക് വളഞ്ഞിരിക്കുന്ന അവസ്ഥയാണ് ക്ലബ് ഫൂട്ട്. കുട്ടി ജനിച്ച ആദ്യ ദിവസങ്ങൾക്കുള്ളിൽ തന്നെ ചികിത്സ ആരംഭിക്കുകയും അഞ്ച് വയസ്സ് ആകുമ്പോഴേക്കും കുട്ടിയുടെ കാൽ പാദങ്ങൾ പൂർണമായി നിവർന്ന് സാധാരണ നിലയിൽ എത്തുകയും ചെയ്യുന്ന ചികിത്സ രീതിയാണ് പോൺസെറ്റി മെത്തേഡ്. കോഴിക്കോട് ജില്ലയിൽ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രി വടകര, താലൂക്ക് ആശുപത്രി താമരശ്ശേരി എന്നിവടങ്ങളിൽ ക്ലബ് ഫൂട്ട് ക്ലിനിക്ക് പ്രവർത്തിച്ചു വരുന്നു.

**8. SAANS (Social Awareness and Action to Neutralize Pneumonia)**
കുട്ടികളുടെ ഇടയിൽ ന്യുമോണിയുമായി ബന്ധപ്പെട്ട ബാല്യകാല മരണങ്ങൾ തടയുന്നതിനായി കുട്ടികളുടെ രക്ഷിതാക്കളിലും പരിചരണം നൽകുന്നവരിലും സംരക്ഷണം, പ്രതിരോധം ,ചികിത്സാ വശങ്ങൾ എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ആരംഭിച്ച ക്യാമ്പയിൻ ആണ് SAANS (Social Awareness and Action to Neutralize Pneumonia). . ഇതിൻറെ ഭാഗമായി ജില്ലയിൽ കോഴിക്കോട് മാതൃ ശിശു സംരക്ഷണ കേന്ദ്രത്തിൽ ഒരു SAANS സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.

**9. ആശാധാര പദ്ധതി**
കേരളത്തിലെ ഹിമോഫീലിയ, ഹീമോഗ്ലോബിനോപ്പതി മാനേജ്മെൻറ് പ്രോഗ്രാം പുതിയ ആശധാര പ്രോഗ്രാമിന് കീഴിൽ സമഗ്രമായ വികേന്ദ്രീകൃത ചികിത്സ നൽകുന്നതിനായി പരിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ്. ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗങ്ങളുടെ സമഗ്രമായ ചികിത്സ സർക്കാർ ആശുപത്രികൾ വഴി ഉറപ്പാക്കുക എന്നതാണ് ആശാധാര പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൻറെ ഭാഗമായി ജില്ല തിരിച്ചുള്ള രോഗികളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. ഹിമോഫീലിയ രോഗികളിൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രൊഫൈൽ ആക്സസ് നൽകുക എന്നതും മുതിർന്നവർക്ക് രക്തസ്രാവം ഉണ്ടാകുന്ന മുറയ്ക്ക് അവരുടെ ആവശ്യകത അനുസരിച്ച് അന്താരാഷ്ട്ര തലത്തിൽ അംഗീകരിക്കപ്പെട്ട ചികിത്സാ പ്രോട്ടോക്കോൾ ആധാരമാക്കി സൗജന്യ ചികിത്സ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ രക്തസ്രാവം ഉണ്ടാവുകയും, സംശയിക്കുകയും ചെയ്യുന്ന രോഗി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്ന മുറയ്ക്ക് അടിയന്തിര ചികിത്സ ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## ബോധവൽക്കരണ പരിപാടികൾ

**2021-2022**





2021- 2022 വർഷം കോവിഡ് 19 മഹാമാരിയുടെ പിടിയിലായിരുന്നു. സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളും മാസ് മീഡിയ പ്രോഗ്രാമുകളും (പ്രിന്റ് മീഡിയ) പ്രാരംഭ കാലയളവിൽ പ്രധാനമായും ഉപയോഗിച്ചു.

ഈ വർഷം എൻഎച്ച്എം കോഴിക്കോട് നവജാത ശിശു ആരോഗ്യ പരിപാടികളിലേക്ക് ചുവടുവച്ചു, അതായത്; നിയോക്രാഡിൽ - ഒരു സമഗ്ര നവജാത ശിശു പരിചരണ മാനേജ്മെന്റ് സിസ്റ്റം, ഹ്യൂമൻ മിൽക്ക് ബാങ്ക്. നൂതന മാർഗങ്ങളിലൂടെ പുതിയ പദ്ധതിയുടെ ബ്രാൻഡിംഗും പ്രോഗ്രാം സമാരംഭവും പ്രധാന നാഴികക്കല്ലാണ്. ജനശതാബ്ധി ട്രെയിനിൽ ഐ ഇ സി കൾ പ്രദർശിപ്പിച്ചു

ഏകീകൃത IEC-കളുള്ള ആരോഗ്യ-ക്ഷേമ കേന്ദ്രങ്ങളുടെ ബ്രാൻഡിംഗ് വികസിപ്പിക്കുക എന്നതായിരുന്നു അടുത്ത ഘട്ടം. അതനുസരിച്ച് ഗുണനിലവാര അക്രഡിറ്റേഷനുകൾക്ക് ആവശ്യമായ 56 ഡിസൈനുകളും, HWC IEC-കൾക്ക് നിർബന്ധിതമായ 10 IEC-കളും രൂപകൽപ്പന ചെയ്തു, 18 സ്ഥാപനങ്ങൾ (FHC-കളും HWC-കളും) IEC ബ്രാൻഡിംഗ് പൂർത്തിയാക്കി

**2022-2023**





- കൈയ്യൊപ്പ്"... കൗമാരക്കാരുടെ മാനസികാരോഗ്യ ക്ഷേമം പ്രോത്സാഹിപ്പിക്കുന്ന ഒത്തുചേരൽ, ബോധവത്കരണ ക്ലാസ്സ്, കലാമത്സരങ്ങൾ സംഘടിപ്പിച്ചു . 188 വിദ്യാർത്ഥികൾ പങ്കെടുത്തു.





- മഴവില്ല് - ആർത്തവ ശുചിത്വ കാമ്പയിൻ- പരിശീലനം ലഭിച്ച മൊബൈൽ ഹെൽത്ത് ടീം കോർപ്പറേഷൻ പ്രദേശത്തെ 29 പെൺകുട്ടികളെയും മിക്സഡ് സ്കൂളുകളെയും സന്ദർശിച്ച് ബോധവത്കരണവും ചർച്ചയും സംശയ ദുരീകരണവും നടത്തി കൂടാതെ ജില്ലയിലെ 157 സ്കൂളുകളിൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചു.






- ഇമ്മ്യൂൺ ഫോർട്ട് നൈറ്റ് - കോഴിക്കോടു ജില്ലയിലെ പ്രതിരോധ കുത്തിവെപ്പെടുക്കാത്ത കുറവുള്ള ആരോഗ്യ ബ്ലോക്കുകളുടെ രോഗപ്രതിരോധ കവറേജ് പരിഹരിക്കുന്നതിനായി ഇമ്മ്യൂൺ ഫോർട്ട് നൈറ്റ് പ്രത്യേക രോഗപ്രതിരോധ കാമ്പയിൻ സംഘടിപ്പിച്ചു. കുത്തിവെപ്പെടുക്കാത്ത 2 കുട്ടികൾക്ക് വാക്സിനേഷൻ നൽകി, ഭാഗികമായി കുത്തിവെപ്പെടുക്കാത്ത 231 കുട്ടികൾക്ക് വാക്സിനേഷൻ നൽകി.

**2023-2024**





നിപ്പ - ബോധവൽക്കരണ പരിപാടികൾ, യുവ ഉത്സവ് - കോളേജ് വിദ്യാർത്ഥികൾക്കായി പരിശോധനകളും ബോധവൽക്കരണവും, എന്റെകേരളം പ്രദർശനം,

**2024-2025**






ആരോഗ്യം ആനന്ദം ക്യാമ്പയിൻ, ഡെങ്കു ക്യാമ്പയിൻ,എലിപ്പനിക്കെതിരെ ഡോക്സി വാൻ എന്നിവ സംഘടിപ്പിച്ചു

**2021 മുതൽ 2025 വരെ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിയോജക മണ്ഡല അടിസ്ഥാനത്തിൽ നടന്ന ജില്ലയിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ**

**1. ബാലുശ്ശേരി നിയോജക മണ്ഡലം**

- ദേശീയ ആരോഗ്യ ദൗത്യം വഴി 110.89 ലക്ഷം രൂപ ചിലവഴിച്ച് മങ്ങാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു.
- ദേശീയ ആരോഗ്യ ദൗത്യം വഴി 143 ലക്ഷം രൂപ ചിലവിൽ കക്കയം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു.
- മാടത്തുംപൊയിൽ സബ്സെന്ററിന് ദേശീയ ആരോഗ്യ ദൗത്യം വഴി 55.5 ലക്ഷം രൂപ ചിലവിൽ പുതിയ കെട്ടിടം നിർമ്മിച്ചു.
- എൽ എസ് ജി ഡി ഫണ്ട് 115 ലക്ഷം രൂപ ഉപയോഗിച്ച് ഉള്ളിയേരി സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു
- പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 21.32 കോടി രൂപ ചിലവിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം, വിവിധ ഒ പി വിഭാഗങ്ങൾ, ലേബർ വാർഡ്, എൻ ഐ സി യു , അൾട്രാ സൗണ്ട്, ജനറൽ സർജറി, തുടങ്ങിയവ ഉൾപ്പെടുന്ന പുതിയ കെട്ടിടവും, നിലവിൽ ഉള്ള കെട്ടിടത്തിന്റെ മുകളിൽ ഐസൊലേഷൻ വാർഡ്,ലാബ്, എച്ച് ഡി യു, കുട്ടികളുടെ വാർഡ്, അഡ്മിനിസ്ട്രേഷൻ വിങ് തുടങ്ങിയവ ഉൾപ്പെടുന്ന മറ്റൊരു കെട്ടിടം നിർമ്മിച്ചു. കൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, ബയോഗ്യാസ് പ്ലാന്റ്, വാട്ടർ ടാങ്ക്, മഴവെള്ള സംഭരണ ടാങ്ക് എന്നിവയും തയ്യാറാക്കി.
- കാക്കഞ്ചേരി, കുന്നത്തറ, ഒരാവിൽ എന്നീ സബ് സെന്ററുകൾക്ക് 27.75 ലക്ഷം രൂപ ചിലവിൽ പുതിയ കെട്ടിടം


ജനകീയ ആരോഗ്യ കേന്ദ്രം മാടത്തുംപൊയിൽ


പ്രാഥമിക പ്രാഥമിക ആരോഗ്യ കേന്ദ്രം കക്കയം


ജനകീയ ആരോഗ്യ കേന്ദ്രം ഉണ്ണിക്കുളം


ബാലുശ്ശേരി താലൂക്ക് ആശുപത്രി

2. **ഏലത്തൂർ നിയോജക മണ്ഡലം**

- ഫിഷറീസ് വകുപ്പിന്റെ ഫണ്ട് 1 കോടി 32 ലക്ഷം രൂപ ചിലവിൽ പുതിയാപ്പ കുടുംബാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് ബിൽഡിംഗ് നിർമ്മിച്ചു.
- ഹെൽത്ത് ഗ്രാന്റിൽ നിന്നും 55 ലക്ഷം രൂപ ഉപയോഗിച്ച് കാക്കൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ സബ്സെന്ററിന് പുതിയ കെട്ടിടം.
- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കോഴിക്കോട് കോർപ്പറേഷന് കീഴിൽ എരഞ്ഞിക്കൽ, മൊകവൂർ, ചെട്ടികുളം എന്നിവിടങ്ങളിൽ ഓരോ നഗര ജനകീയ ആരോഗ്യ കേന്ദ്രം വീതം ആരംഭിച്ചു.



കുടുംബാരോഗ്യ കേന്ദ്രം കക്കോടി


കൊളത്തൂർ കുടുംബാരോഗ്യ കേന്ദ്രം - ഉദ്ഘാടനം



ജനകീയ ആരോഗ്യ കേന്ദ്രം മക്കട

3. **കൊടുവള്ളി നിയോജക മണ്ഡലം**

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് തലപ്പെരുമണ്ണ ജനകീയ ആരോഗ്യ കേന്ദ്രം ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആക്കി ഉയർത്തി.
- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് പാലക്കുറ്റി ജനകീയ ആരോഗ്യ കേന്ദ്രം ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആക്കി ഉയർത്തി

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് പാലക്കുറ്റി ജനകീയ ആരോഗ്യ കേന്ദ്രം ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആക്കി ഉയർത്തി

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് മാനിപുരം ജനകീയ ആരോഗ്യ കേന്ദ്രം ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആക്കി ഉയർത്തി

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് മടവൂർ ജനകീയ ആരോഗ്യ കേന്ദ്രം ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആക്കി ഉയർത്തി

- കൊടുവള്ളി മുൻസിപ്പാലിറ്റി കീഴിൽ വാവാട്, കളരാന്തിരി എന്നിവിടങ്ങളിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ഓരോ നഗര ജനകീയ ആരോഗ്യ കേന്ദ്രം വീതം ആരംഭിച്ചു.




ഐസൊലേഷൻ വാർഡ് , സി എച്ച് സി നരിക്കുനി

## 4. കുന്ദമംഗലം നിയോജക മണ്ഡലം

- പെരുമണ്ണ സബ്സെന്ററിന് ദേശീയ ആരോഗ്യ ദൗത്യം വഴി 55.5 ലക്ഷം രൂപ ചിലവിൽ പുതിയ കെട്ടിടം. 90 ശതമാനം ജോലികൾ പൂർത്തീകരിച്ചു.

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 143 ലക്ഷം രൂപ ചിലവഴിച്ച് ചൂലൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം. 60 ശതമാനം ജോലികൾ പൂർത്തീകരിച്ചു

- കുടുംബാരോഗ്യ കേന്ദ്രം ചൂലൂർക്ക് കീഴിലുള്ള ചൂലൂർ ജനകീയ ആരോഗ്യ കേന്ദ്രത്തിന് പതിനഞ്ചാം ധനകാര്യ കമീഷൻ വഴി അനുവദിച്ച 55 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ 100% പ്രവർത്തികളും പൂർത്തിയായി .

- സി.എച്ച്.സി. ചെറുവാടി മാസ്റ്റർ പ്ലാൻ പ്രകാരമുള്ള എ ബ്ലോക്കിന്റെ നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം ആർ.ഓ.പി. യിൽ ഉൾപ്പെടുത്തി 182.6 ലക്ഷം രൂപ അനുവദിച്ചു. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിന്റെ 80 % പ്രവർത്തികൾ പൂർത്തീകരിച്ചു .

- സി.എച്ച്.സി. ചെറുവാടിക്ക് കീഴിലുള്ള ആലുങ്കൽ,പന്നിക്കോട് എന്നീ സബ് സെന്ററുകൾ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം ചിലവഴിച്ച് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി ഉയർത്തി.

- കുടുംബാരോഗ്യ കേന്ദ്രം കാരശ്ശേരിക്ക് കീഴിലുള്ള സർക്കാർപറമ്പ് സബ് സെന്റർ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആയി ഉയർത്തി.

- കുടുംബാരോഗ്യ കേന്ദ്രം കുന്നമംഗലത്തിന് കീഴിലുള്ള കുരിക്കത്തൂർ, പൈങ്ങോട്ടുപുറം എന്നീ സബ് സെന്ററുകൾ ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം ചിലവഴിച്ച് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളായി ഉയർത്തി. കുന്നമംഗലം പഞ്ചായത്ത് അനുവദിച്ച 5 ലക്ഷവും , ദേശീയ ആരോഗ്യ ദൗത്യം അനുവദിച്ച 7 ലക്ഷവും ഉപയോഗപ്പെടുത്തി സബ് സെന്റർ ചൂലാംവയൽ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആയി ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 90 % പൂർത്തീകരിച്ചു.

- കുടുംബാരോഗ്യ കേന്ദ്രം കുന്നമംഗലത്തിന് കീഴിലുള്ള പിലാശ്ശേരി ജനകീയ ആരോഗ്യ കേന്ദ്രത്തിന് പതിനഞ്ചാം ധനകാര്യ കമീഷൻ വഴി അനുവദിച്ച 55 ലക്ഷം രൂപ ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ 60% പ്രവർത്തികളും പൂർത്തിയായി.

- അഡ്വ. പി.ടി.എ. റഹീം എം.എൽ.എ. യുടെ മണ്ഡലം ആസ്തി വികസന ഫണ്ട് വഴി അനുവദിച്ച 1 കോടി രൂപ ഉപയോഗിച്ച് കുന്നമംഗലം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ W & C കെട്ടിട നിർമ്മാണം 2022 ഫെബ്രുവരിയിൽ പൂർത്തീകരിച്ചു

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് ആലുങ്കൽ ജനകീയ ആരോഗ്യ കേന്ദ്രം ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ ആക്കി ഉയർത്തി

- ഒളവണ്ണ സാമൂഹികരോഗ്യ കേന്ദ്രത്തിൽ 13 .79 ലക്ഷം ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ

- ഒളവണ്ണ സാമൂഹികരോഗ്യ കേന്ദ്രത്തിൽ 3 ലക്ഷം രൂപ തദ്ദേശ ഫണ്ട് ഉപയോഗിച്ച ക്വാർട്ടേഴ്സ് നവീകരണം

- ഒളവണ്ണ സാമൂഹികരോഗ്യ കേന്ദ്രത്തിൽ 17.10 ലക്ഷം ഉപയോഗിച്ച് അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ

- ബ്ലോക്ക് കുടുംബാരോഗ്യം ഒളവണ്ണയിൽ ഐസൊലേഷൻ വാർഡിന്റെ പൈലിംഗ് വർക്ക് പൂർത്തീകരിച്ചു. 1.75 കോടിയുടെ പ്രവർത്തനം കെഎംസിഎന്റെ നേതൃത്വത്തിലാണ് പണി പുരോഗമിക്കുന്നത്.പത്ത് കിടക്കുകളുള്ള ഐസലേഷൻ വാർഡിന്റെ പ്രവർത്തനങ്ങളാണ് പുരോഗമിക്കുന്നത്.

- എം എൽ എ ഫണ്ടിൽ നിന്നും 54 ലക്ഷം രൂപ ചിലവഴിച്ച് ചെറൂപ്പ എം സി എച്ച് യൂണിറ്റിൽ പുതിയ കോൺഫറൻസ് ഹാൾ നിർമ്മിച്ചു.

- എം എൽ എ ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് എം സി എച്ച് യൂണിറ്റ് ചെറൂപ്പയിലേക്ക് റോഡ് നിർമ്മിച്ചു.

- എൽ എസ് ജി ഡി ഫണ്ടിൽ നിന്നും 4 ലക്ഷം രൂപ ചിലവഴിച്ച് ചെറൂപ്പ എം സി എച്ച് യൂണിറ്റിൽ മാലിന്യ സംസ്ക്കരണ യൂണിറ്റ് നിർമ്മിച്ചു.

- എൽ എസ് ജി ഡി ഫണ്ട് ഉപയോഗിച്ച് ചെറൂപ്പ എം സി എച്ച് യൂണിറ്റിൽ ഹാപ്പിനെസ്സ് പാർക്കിന്റെ പ്രവർത്തി പൂർത്തീകരിച്ചു.

- ദേശീയ ആരോഗ്യ ദൗത്യം വഴി 7 ലക്ഷം രൂപ ചിലവഴിച്ച് പുല്ലാന്നൂർ സബ് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവർത്തികൾ നടന്നു വരുന്നു

- ദേശീയ ആരോഗ്യ ദൗത്യം വഴി 7 ലക്ഷം രൂപ ചിലവഴിച്ച് വെള്ളിപ്പറമ്പ ജനകീയാരോഗ്യ കേന്ദ്രത്തിന്റെ റിനൊവേഷൻ വർക്കുകൾ പൂർത്തീകരിച്ചു.


ജനകീയാരോഗ്യ കേന്ദ്രം ചൂലൂർ


ജനകീയാരോഗ്യ കേന്ദ്രം കുരിക്കത്തൂർ



ജനകീയാരോഗ്യ കേന്ദ്രം വെള്ളിപ്പറമ്പ്


ജനകീയാരോഗ്യ കേന്ദ്രം ആലുങ്ങൽ


ജനകീയാരോഗ്യ കേന്ദ്രം സർക്കാർപറമ്പ

**5. നാദാപുരം നിയോജക മണ്ഡലം**

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് എടച്ചേരി സൗത്ത് ജനകീയ ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് ഇരിങ്ങാനൂർ ജനകീയ ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് പാറക്കടവ് ജനകീയ ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് കുണ്ടുതോട് ജനകീയ ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു.

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് മരുതോങ്കര ജനകീയ ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ ചിലവഴിച്ച് താഴെ നരിപ്പറ്റ ജനകീയ ആരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു

- എം.പി ഫണ്ടിൽ നിന്നും 30 ലക്ഷം രൂപ ചിലവഴിച്ച് മരുതോങ്കര കുടുംബാരോഗ്യകേന്ദ്രത്തിന് പുതിയ ബ്ലോക്ക് നിർമ്മിച്ചു

- കായക്കൊടി കുടുംബാരോഗ്യ കേന്ദ്രത്തിന് പുതുതായി കെട്ടിടം നിർമ്മിക്കാനായി നാദാപുരം എംഎൽഎ ശ്രീ ഇകെ വിജയൻ അദ്ദേഹത്തിന്റെ വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചു പ്രസ്തുത തുക ഉപയോഗിച്ച് പണിത കെട്ടിടം 2024 ജനുവരിയിൽ ആരോഗ്യ മന്ത്രി ശ്രീമതി വീണ ജോർജ്ജ് ഉദ്ഘാടനം നിർവഹിച്ച് നാടിനു സമർപ്പിച്ചു ഈ കെട്ടിടത്തിലാണ് നിലവിൽ ഓ പി ബ്ലോക്ക് ലബോറട്ടറി, വിഷൻ സെന്റർ എന്നിവ പ്രവർത്തിക്കുന്നത് .



താലൂക്ക് ആശുപത്രി നാദാപുരം


ജനകീയാരോഗ്യ കേന്ദ്രം മരുതോങ്കര



ജനകീയാരോഗ്യ കേന്ദ്രം കോതോട്




കുടുംബാരോഗ്യ കേന്ദ്രം, തൂണേരി



ജനകീയാരോഗ്യ കേന്ദ്രം കായക്കോടി



ജനകീയാരോഗ്യ കേന്ദ്രം കുമ്മംകോട്

### 6. കോഴിക്കോട് നോർത്ത് നിയോജക മണ്ഡലം

- ദേശീയ ആരോഗ്യദൗത്യം ഫണ്ടിൽ നിന്നും 1 കോടി രൂപ ചിലവഴിച്ച് കോഴിക്കോട് ജനറൽ ആശുപത്രിയിൽ നേത്രരോഗ വിഭാഗത്തിൽ പുതിയ ഓപ്പറേഷൻ തീയറ്ററും വാർഡും നിർമ്മിച്ചു.

- ദേശീയ ആരോഗ്യം ദൗത്യം ഫണ്ടിൽ നിന്നും 50.07 ലക്ഷം രൂപ ചിലവഴിച്ച് കോഴിക്കോട് ജനറൽ ആശുപത്രിയിൽ 15 ഓക്സിജൻ സപ്പോർട്ടോട് കൂടിയ കിടക്കകളും, 6 ഹൈ ഡഫനിഷൻ യൂണിറ്റ് കിടക്കകളും സജ്ജീകരിച്ചു

- പ്ലാൻ ഫണ്ട് 1.79 ലക്ഷം ഉപയോഗിച്ച് ചേവായൂർ ത്വക്ക് രോഗാശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മിച്ചു

- പ്ലാൻ ഫണ്ട്15 ലക്ഷം ഉപയോഗിച്ച് കോഴിക്കോട് ജനറൽ ആശുപത്രിയിൽ ടോയിലറ്റ് ബ്ലോക്ക്, റാമ്പ്,വെയ്റ്റിംഗ് ഏരിയ, മാലിന്യ സംസ്ക്കരണ യൂണിറ്റ് എന്നിവയുടെ പണി പുരോഗമിക്കുന്നു.

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം ചെലവഴിച്ച് നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം കുണ്ടുപറമ്പ്, കണ്ണാടിക്കൽ എന്നിവ നഗര കുടുംബ ആരോഗ്യ കേന്ദ്രമായി ഉയർത്തി. നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം ചെലവൂർ എംഎൽഎ ഫണ്ടിൽ നിന്നും 15 ലക്ഷം രൂപയും ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ

നിന്നും 15.71 ലക്ഷം രൂപയും കോർപ്പറേഷൻ നോൺ റോഡ് ഫണ്ടിൽ നിന്നും 20 ലക്ഷം രൂപയും ചിലവഴിച്ചു നഗര കുടുംബ ആരോഗ്യ കേന്ദ്രമായി ഉയർത്തി.

- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കോഴിക്കോട് കോർപ്പറേഷന് കീഴിൽ മായനാട്, വേങ്ങേരി, കോട്ടൂളി, വെസ്റ്റ് ഹിൽ, സിവിൽ സ്റ്റേഷൻ, മൂഴിക്കൽ, ചേവരമ്പലം, ഈസ്റ്റ് ഹിൽ, പറോപടി, വൃന്ദാവൻ കോളനി, എടക്കാട് എന്നിവിടങ്ങളിൽ ഓരോ നഗര ജനകീയ ആരോഗ്യ കേന്ദ്രം വീതം ആരംഭിച്ചു.



മുലപ്പാൽ ബാങ്ക് -ഐ എം സി എച്ച്


ജി ആർ ഡി വെള്ളിമാടുകുന്നു



സഖി- ലേബർ റൂം കോംപ്ലക്സ്


നഗര പ്രാഥമികാരോഗ്യ കേന്ദ്രം, ചെലവൂർ


പീഡിയാട്രിക് ഐ സി യു, ഐ എം സി എച്ച്

## 7. തിരുവമ്പാടി നിയോജക മണ്ഡലം

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 182.60 ലക്ഷം രൂപ ഉപയോഗിച്ച് ചെറുവാടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ ഒ പി ബ്ലോക്ക് നിർമ്മാണം. 70 ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചു

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം നീലിപൊയിൽ, വട്ടച്ചിറ, വേളാംകോട്, ആലുങ്ങൽ, പന്നിക്കോട്, കക്കാടംപൊയിൽ, ചേന്നമംഗലൂർ, നീലേശ്വരം, തോട്ടത്തിൻകടവ്, പുതുപ്പാടി, പുല്ലൂരാമ്പാറ ജനകീയ ആരോഗ്യകേന്ദ്രങ്ങൾക്ക് അനുവദിച്ചു.

- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് മുക്കം മുനിസിപ്പാലിറ്റി കീഴിൽ മുത്താലം, കല്ലുരുട്ടി എന്നിവിടങ്ങളിൽ ഓരോ നഗര ജനകീയ ആരോഗ്യ കേന്ദ്രം വീതം ആരംഭിച്ചു.


എക്സ് റേ യൂണി എക്സ് റേ യൂണിറ്റ് - സി എച്ച് സി മുക്കം



ഐസൊലേഷൻ വാർഡ്- സി എച്ച് സി മുക്കം


ജനകീയ ആരോഗ്യ കേന്ദ്രം കൂമ്പാറ


ജനകീയ ആരോഗ്യ കേന്ദ്രം കക്കാടംപൊയിൽ

8. വടകര നിയോജക മണ്ഡലം

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 67 ലക്ഷം രൂപ ചിലവഴിച്ച് കുന്നുമ്മക്കര ജനകീയാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം
- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ചിലവഴിച്ച് വടകര ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് വാർഡ് -നിർമ്മാണം പുരോഗമിച്ച് വരുന്നു.
- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 267.43 ലക്ഷം രൂപ ചിലവഴിച്ച് വടകര ജില്ലാ ആശുപത്രിയിൽ മെറ്റേർണിറ്റി വിങ് ശാക്തീകരണ പ്രവർത്തികൾ പുരോഗമിച്ച് വരുന്നു.
- ദേശീയ ആരോഗ്യം ദൗത്യം ഫണ്ടിൽ 38.27 ലക്ഷം രൂപ ചിലവഴിച്ച് വടകര ജില്ലാ ആശുപത്രിയിൽ ആശുപത്രിയിൽ 15 ഓക്സിജൻ സപ്പോർട്ടോട് കൂടിയ കിടക്കകളും, 6 ഹൈഡഫനിഷൻ യൂണിറ്റ് കിടക്കകളും സജ്ജീകരിച്ചു.
- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം കരിയാടി, വൈക്കിലശ്ശേരി, വെള്ളിക്കുളങ്ങര ബലവാടി എന്നീ ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് അനുവദിച്ചു.
- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടോൽ, പണിക്കോട്ടി, തുരുത്തിയിൽ എന്നിവിടങ്ങളിൽ ഓരോ നഗര ജനകീയ ആരോഗ്യ കേന്ദ്രം വീതം ആരംഭിച്ചു.


സ്ത്രീകളുടെയും കുട്ടികളുടെയും വിഭാഗം - ജില്ലാ ആശുപത്രി വടകര



ഐസൊലേഷൻ വാർഡ്, സി എച്ച് സി ഓർക്കാട്ടേരി


ജനകീയാരോഗ്യ കേന്ദ്രം, കുന്നുമ്മക്കര


ജനകീയാരോഗ്യ കേന്ദ്രം, വൈക്കിലശ്ശേരി

## 9. കുറ്റ്യാടി നിയോജക മണ്ഡലം

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 143 ലക്ഷം രൂപ ചിലഴിച്ച് ആയഞ്ചേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവർത്തികൾ നടന്ന് വരുന്നു.

- ദേശീയ ആരോഗ്യദൗത്യം ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ ചിലവഴിച്ച് കുന്നുമ്മൽ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 35 ലക്ഷം രൂപ ചിലവഴിച്ച് തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി

- നബാർഡ് ഫണ്ടിൽ നിന്നും 28.5 കോടി രൂപ ചിലവിൽ കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം 25 ശതമാനം പ്രവർത്തികൾ പൂർത്തിയായി

- 2021 -22 സാമ്പത്തിക വർഷത്തിൽ NHM അനുവദിച്ച 15 ലക്ഷം രൂപ ഉപയോഗിച്ച് വേളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വിവിധ തരത്തിലുള്ള നിർമാണ പ്രവർത്തനങ്ങളും നവീകരണ പ്രവർത്തങ്ങളും നടത്തിയിട്ടുണ്ട്.2022 ഓഗസ്റ്റ് മാസത്തിൽ ഈ സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി.

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 37.5 ലക്ഷം ചിലവഴിച്ച് നരിപ്പറ്റ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി


കുടുംബാരോഗ്യ കേന്ദ്രം, വില്യാപ്പള്ളി



കുടുംബാരോഗ്യ കേന്ദ്രം, കുന്നുമ്മൽ


ഫാർമസി - സി എച്ച് സി തിരുവള്ളൂർ


കുടുംബാരോഗ്യ കേന്ദ്രം, വേളം

## 10. കൊയിലാണ്ടി നിയോജക മണ്ഡലം

ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 37.5 ലക്ഷം രൂപ ചിലവഴിച്ച് മേലടി, തിരുവങ്ങൂർ എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി.

ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 14.9 ലക്ഷം രൂപ ചിലവഴിച്ച് കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ 5 ഐ സി യു കിടക്കകൾ സജ്ജീകരിച്ചു.

ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 35.7 ലക്ഷം രൂപ ചിലവിൽ തിരുവങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി

ദേശീയ ആരോഗ്യം ദൗത്യം ഫണ്ടിൽ 14.9 ലക്ഷം രൂപ ചിലവഴിച്ച് കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ആശുപത്രിയിൽ ഓക്സിജൻ സപ്പോർട്ടോട് കൂടിയ 5 കിടക്കകൾ സജ്ജീകരിച്ചു.

എം എൽ എ ഫണ്ടിൽ നിന്നും 99 ലക്ഷം രൂപ ചിലവഴിച്ച് മേലടി സാമൂഹികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിച്ചു

25 ലക്ഷം രൂപ ചിലവഴിച്ചു എം.എൽ.എ ഫണ്ടിൽ തയ്യാറാക്കിയ ബിൽഡിങ്ങിൽ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം, പയ്യോളി പ്രവർത്തനം ആരംഭിച്ചു. ഇത് ബിൽഡിങ്ങിന്റെ ഒന്നാം നിലയുടെ നിർമ്മാണം 25 ലക്ഷം രൂപ തനത് ഫണ്ട് വകയിലെത്തി മുനിസിപ്പാലിറ്റി പൂർത്തീകരിച്ചു

35 ലക്ഷം രൂപ എം.എൽ.എ ഫണ്ട് വകയിരുത്തി തയ്യാറാക്കിയ സർക്കാർ ബിൽഡിങ്ങിലേക്ക് നഗര ജനകീയ ആരോഗ്യ കേന്ദ്രം നടേരി പ്രവർത്തനം മാറി. ബിൽഡിങ്ങിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവർത്തികൾ 50 ലക്ഷം രൂപ എംഎൽഎ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചു.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് പയ്യോളി മുൻസിപ്പാലിറ്റി കീഴിൽ അയനിക്കാട്, പയ്യോളി ബീച്ച്, പയ്യോളി ടൗൺ എന്നിവിടങ്ങളിലും കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് കീഴിൽ കൊയിലാണ്ടി സൗത്ത്, കൊല്ലം, പെരുവട്ടൂർ എന്നിവിടങ്ങളിലും ഓരോ നഗര ജനകീയ ആരോഗ്യ കേന്ദ്രം വീതം ആരംഭിച്ചു.


താലൂക്ക് ആശുപത്രി, കൊയിലാണ്ടി


ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം , തിരുവങ്ങൂർ



സി എച്ച് സി മേലടി




കുടുംബാരോഗ്യ കേന്ദ്രം, ചെങ്ങോട്ട്കാവ്

**11. ബേപ്പൂർ നിയോജക മണ്ഡലം**

- ദേശീയ ആരോഗ്യം ദൗത്യം ഫണ്ടിൽ 19.98 ലക്ഷം രൂപ ചിലവഴിച്ച്ഫറോക്ക് താലൂക്ക് ആശുപത്രിയിൽ ആശുപത്രിയിൽ ഓക്സിജൻ സപ്പോർട്ടോട് കൂടിയ 5 കിടക്കകൾ സജ്ജീകരിച്ചു.

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം കറുവന്തുരുത്തി, അരക്കിണർ, പ്രബോധിനി, കൊളത്തറ, മോഡേൺ ഏരിയ, റംസാൻ ബസാർ, സ്റ്റീൽ കോംപ്ലക്സ് എന്നീ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് അനുവദിച്ചു

- ഫറോക്ക് താലൂക്ക് ആശുപത്രി പുതിയ കെട്ടിടത്തിലേക്ക്.KIIFBഫണ്ട്. ഭരണാനുമതി 23.55 കോടി ആണ്. സാമ്പത്തിക അനുമതി 17.09 കോടി ആണ്. ടെണ്ടർ ആയ തുക 14,70,24,733 ആണ്. പൊതുമേഖല സ്ഥാപനമായ വാപ് കോസിന്റെ നേതൃത്വത്തിലാണ് പണി നടത്തി പൂർത്തീകരിച്ചത്. .4337 വിസ്തൃതിയുള്ള പുതിയ കെട്ടിടത്തിൽ 103 കിടക്കുകളുടെ ഉള്ള സൗകര്യമുണ്ട്.പുതിയ കെട്ടിടം നിലനിൽക്കുന്നത് 1.70 ഏക്കറിലാണ്.38 കാറുകൾ, 150 ബൈക്കുകൾക്കുള്ള പാർക്കിംഗ് സൗകര്യം ഉണ്ട്.പൂർണ്ണമായും ഭിന്നശേഷി സൗഹൃദം.

- 75 ലക്ഷം രൂപ ചിലവഴിച്ചു എംഎൽഎ ഫണ്ടിൽ തയ്യാറാക്കിയ ബിൽഡിങ്ങിൽ നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം, ഫറോക്ക്, കരുവന്തുരുത്തി പ്രവർത്തനം ആരംഭിച്ചു.

- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാൻഡ് ഉപയോഗിച്ച് ഫാറൂഖ് മുനിസിപ്പാലിറ്റിയിൽ പുറ്റേക്കാട്, കല്ലമ്പാറ, പെരുമുഖം എന്നിവിടങ്ങളിലും രാമനാട്ടുകര മുനിസിപ്പാലിറ്റിക്ക് കീഴിൽ ഫറൂഖ് കോളേജ്, പള്ളിമേത്തൽ എന്നിവിടങ്ങളിലും കോഴിക്കോട് കോർപ്പറേഷന് കീഴിൽ മാത്തോട്ടം, നടുവട്ടം, ചെറുവണ്ണൂർ ഈസ്റ്റ് എന്നിവിടങ്ങളിലും ഓരോ നഗര ജനകീയ ആരോഗ്യ കേന്ദ്രം വീതം ആരംഭിച്ചു.



കുടുംബാരോഗ്യ കേന്ദ്രം, നല്ലളം




ജനകീയാരോഗ്യ കേന്ദ്രം, ബേപ്പൂർ

## 12. പേരാമ്പ്ര നിയോജക മണ്ഡലം

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 143 ലക്ഷം രൂപ ചിലവിൽ കൂത്താളി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിട നിർമ്മാണം. 45 ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചു.

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 8 ലക്ഷം ചിലവിൽ അത്യാഹിത വിഭാഗം സജ്ജമാക്കി

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം അരീക്കുളം, ഉരാളൂർ, ഒറ്റക്കണ്ടം, ഇടക്കയിൽ, മുയിപ്പത്ത്, കാര്യാട്, ചക്കിട്ടപ്പാറ, ചെമ്പനട, കുട്ടോത്ത്, ചെറുകാട്, നടുവത്തൂർ, കിഴക്കേ പേരാമ്പ്ര, കൊഴുക്കല്ലൂർ, കീഴ്പയ്യൂർ, കൽപ്പത്തൂർ, രാമല്ലൂർ, എരവട്ടൂർ, ഇരിങ്ങത്ത്, പാലച്ചുവട് എന്നീ ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് അനുവദിച്ചു



ജനകീയാരോഗ്യ കേന്ദ്രം, പേരാമ്പ്ര



ജനകീയാരോഗ്യ കേന്ദ്രം, മുയിപ്പത്ത്



ജനകീയാരോഗ്യ കേന്ദ്രം, കുട്ടോത്ത്



ജനകീയാരോഗ്യ കേന്ദ്രം, മൂഴി

## 13. കോഴിക്കോട് സൗത്ത് നിയോജക മണ്ഡലം

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 58.14 ലക്ഷം രൂപ ചിലവിൽ കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ഓക്സിജൻ പ്ലാന്റ് സജ്ജീകരിച്ചു

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 217.4 ലക്ഷം രൂപ ചിലവിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന് പുതിയ കെട്ടിടം. 40 ശതമാനം പ്രവർത്തികൾ പൂർത്തീകരിച്ചു.

- ദേശീയ ആരോഗ്യം ദൗത്യം ഫണ്ടിൽ 17.22 ലക്ഷം രൂപ ചിലവഴിച്ച് കോട്ടപ്പറമ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആശുപത്രിയിൽ ഓക്സിജൻ സപ്പോർട്ടോട് കൂടിയ 5 കിടക്കകൾ സജ്ജീകരിച്ചു

- പ്ലാൻ ഫണ്ടിൽ നിന്നും 15 ലക്ഷം രൂപ ചിലവഴിച്ച് കുതിരവട്ടം സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിൽ ഓപ്പൺ ഓഡിറ്റോറിയം നവീകരിച്ചു.

- ദേശീയ ആരോഗ്യ ദൗത്യം ഫണ്ടിൽ നിന്നും 7 ലക്ഷം രൂപ വീതം ചിലവഴിച്ച് നഗര പ്രാഥമിക ആരോഗ്യ കേന്ദ്രം കണ്ണഞ്ചേരി, പൊന്നംകോട്, വെളിയഞ്ചേരിപാടം എന്നിവ നഗര കുടുംബ ആരോഗ്യ കേന്ദ്രമായി ഉയർത്തി.

- പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് കോഴിക്കോട് കോർപ്പറേഷന് കീഴിൽ മേത്തോട്ട് താഴം, കപ്പയ്ക്കൽ, ചക്കും കടവ്, നെല്ലിക്കോട് എന്നിവിടങ്ങളിൽ ഓരോ നഗര ജനകീയ ആരോഗ്യം കേന്ദ്രം വീതം ആരംഭിച്ചു.


നഗര പ്രാഥമികാരോഗ്യ കേന്ദ്രം, കണ്ണഞ്ചേരി


നഗര പ്രാഥമികാരോഗ്യ കേന്ദ്രം, വെളിയഞ്ചേരിപാടം


അർബൻ ഹെൽത്ത് & വെൽനെസ്സ് സെന്റർ , വെസ്റ്റ് ഹിൽ


അർബൻ ഹെൽത്ത് & വെൽനെസ്സ് സെന്റർ സിവിൽ

ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം,
കോഴിക്കോട്

